പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

03.12.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1239

## കോവിൽക്കടവ്- കലശേഖരം, പുന്നാവൂർ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാട്ടാക്കട മണ്ഡലത്തിലെ കോവിൽക്കടവ്- കലശേഖരം പാലത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പാലം നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളുൾപ്പെടെയുള്ള തുടർനടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; | (എ). കാട്ടാക്കട — വട്ടിയൂർക്കാവ് നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോവിൽക്കടവ്- കലശേഖരം പാലത്തിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ G.O(Rt) No. 313/2013/PWD dated 02/03/2013 പ്രകാരം 1250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ 90 ശതമാനവും പൂർത്തീകരിക്കപ്പെട്ടു. ആയതിനാൽ ടി പദ്ധതിയുടെ സാങ്കേതികാനുമതിയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചു വരുകയാണ്. |
| (ബി). കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ വിശദമാക്കുമോ; പാലത്തിന്റെ പുനർനിർമ്മാണം എന്ന് ആരംഭിക്കാനാകും; ഇതിനായുള്ള തുടർനടപടികൾ വിശദമാക്കുമോ? | (ബി). കാട്ടാക്കട നിയോജകമണ്ഡലത്തിലെ പുന്നാവൂർ പാലത്തിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. 1894-ലെ എൽ.എ ആക്ട് പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഡിനോവ ആയ സാഹചര്യത്തിൽ പുതിയ എൽ.എ ആക്ട് പ്രകാരമുള്ള നടപടി ക്രമങ്ങൾ റവന്യൂ വകുപ്പിൽ നടന്നു വരുന്നു. ഇതുമായി ബന്ധപ്പെട്ട SIA Study നടത്തുന്നതിനുള്ള കണ്ടിജൻസി ചാർജ്ജ് പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിനു കൈമാറി. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി ആരംഭിക്കുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ